

# കൂടപ്പുഴ
# നിത്യസഹായമാതാ ഇടവക

1879-ൽ കൂടപ്പുഴയിൽ കാളിയേങ്കര കുടുംബം ദാനമായിതന്ന സ്ഥലത്ത് ഒരു കപ്പേള സ്ഥാപിക്കപ്പെടുകയുണ്ടായി. വി. യൗസേപ്പിതാവിന്റെയും പരി. കന്യകാമറിയത്തിന്റെയും തിരുനാളുകൾ സാഘോഷം ഇവിടെ കൊണ്ടാടിയിരുന്നു.

## തുടക്കം

1952-ൽ ചാലക്കുടി ഫൊറോനാ വികാരി പെരി. ബഹു. ജെയിംസ് വടക്കൂട്ട് അച്ചന്റെ പ്രോത്സാഹനത്താൽ പ്രസ്തുത കപ്പേള പുതുക്കി പണിതു. 1976-ൽ പെരിയ ബഹു. ആന്റണി ഇരിമ്പനച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ വിശ്വാസികളുടെ യോഗം മൂന്ന് കിലോമീറ്റർ ദൂരം നടന്ന് ചാലക്കുടി ഫൊറോനാ പള്ളിയിൽ പോയി അനുദിനം വി. കുർബാനയിൽ സംബന്ധിക്കുവാനുള്ള വിഷമതകൾ വിലയിരുത്തി. ഒരു ദേവാലയം പണിയുന്നതിനും ആയതിനുള്ള ഫണ്ട് സ്വരൂപിച്ച് സ്ഥലം വാങ്ങുന്നതിന് തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് അനുവാദം വാങ്ങുന്നതിനും നിശ്ചയിച്ചു. പിതാവിന്റെ 2173/1977 നമ്പർ കല്പന പ്രകാരം ദേവാലയത്തിനുള്ള സ്ഥലം വാങ്ങി. പിന്നീട് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ തിരുമനസുകൊണ്ട് ദേവാലയം പണിയുവാൻ അനുവദിക്കുകയും 16.1.1979-ൽ ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

## ദേവാലയം

1979-ൽ ചാലക്കുടി ഫൊറോന പള്ളി വികാരിയായി ഇടയധർമ്മം ഏറ്റെടുത്ത പെ. ബഹു. ഇളങ്കുന്നപ്പുഴ ജെയിംസച്ചനാണ് ദേവാലയ പണികൾ നടത്തിയത്. 1981 ഡിസംബർ 13-ാം തിയ്യതി കൂടപ്പുഴയിലെ ദൈവജനത്തിന്റെ സ്വപ്നമായ നിത്യസഹായമാതാവിന്റെ നാമധേയത്വത്തിലുള്ള ദേവാലയം മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവദിച്ചു.

ആ കാലങ്ങളിൽ ചാലക്കുടി ഫൊറോന പള്ളിയിലെ വികാരിമാരും, അസി. വികാരിമാരുമാണ് കൂടപ്പുഴ പള്ളിയിലെ ആദ്ധ്യാത്മിക കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരുന്നത്.

1986-ൽ വെ. റവ. ഫാ. തോമസ് പഞ്ഞിക്കാരൻ സ്ക്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. ആ കൊല്ലംതന്നെ പണി പൂർത്തീകരിച്ച് വെഞ്ചിരിപ്പ് നടത്തുകയും ചെയ്തു. 1989-ൽ രണ്ട് മുറികളോടുകൂടിയ വൈദികമന്ദിരം പണിതീർക്കുകയും ചെയ്തു.



പഴയ പള്ളി

## സ്വതന്ത്ര ഇടവക

വെ. റവ. ഫാ. ആന്റണി പറോക്കാരനച്ചന്റെയും, റവ. ഫാ. ജോയ് നെല്ലിശ്ശേരിയുടെയും, ഇടവക ജനങ്ങ ലുടെയും പരിശ്രമ ഫലമായി 1991 മെയ് 1-ന് കൂടപ്പുഴ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തിക്കൊണ്ട് ഇരിങ്ങാ ലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ തിരുമനസുകൊണ്ട് കല്പന പുറപ്പെടുവിക്കുകയും ചെയ്തു. 1992 ഡിസംബർ 12-ാം തിയ്യതി രൂപതാദ്ധ്യക്ഷൻ തിരുമനസുകൊണ്ട് സിമിത്തേരിയുടെ വെഞ്ചിരിപ്പു കർമ്മം നിർവ്വഹിക്കുകയുണ്ടായി. ചാലക്കുടിയിൽ നിന്ന് വേർപെട്ട കൂടപ്പുഴ ഇടവകയുടെ പ്രഥമ വികാരി റവ. ഫാ. ആന്റണി പറോക്കാരൻ ആയിരുന്നു.

## സ്ഥിരവാസമുള്ള വികാരി

സ്വതന്ത്രമായ ഇടവകയായി, വൈദികമന്ദിരവും സിമിത്തേരിയും ഉണ്ടായെങ്കിലും സ്ഥിരതാമസമുള്ള വികാരിയെന്ന സ്വപ്നം സാക്ഷാത്കരിച്ചത് 1993 ജനുവരി 27-ാം തിയ്യതിയാണ്. ഇപ്രകാരം സ്ഥിരതാമസ മുള്ള ആദ്യത്തെ വികാരിയാകാൻ ഭാഗ്യം ലഭിച്ചത് ബഹുമാനപ്പെട്ട ചാലിശ്ശേരി ജോയി അച്ചനാണ്. ഇക്കാ ലയളവിലാണ് മതബോധനത്തിനുവേണ്ടി രണ്ടാം നില പണിതത്. 1996 ഏപ്രിൽ 6-ാം തിയ്യതി ചാലക്കുടി ഫൊറോന വികാരി പെരിയ ബഹു. ഈഴേക്കാടൻ സെബാസ്റ്റ്യനച്ചൻ ആശീർവദിച്ചു. 17.7.96-ൽ റവ. ഫാ. വർഗ്ഗീസ് പെരേപ്പാടൻ കൂടപ്പുഴ ഇടവകയുടെ വികാ രിയായി ചാർജ്ജെടുത്തു. വൈദികമന്ദിരത്തിനു മുക ളിലേക്ക് പണിയുകയും സെന്റ് ജോൺ ബാപ്റ്റിസ്റ്റ് സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബഹു. ജോസഫ് യാനൽ അച്ചൻ അത് ആശീർവദിക്കുകയും ചെയ്തു. ഇടവക ദേവാലയം പുതുക്കി പണിയുന്നതിനുവേണ്ടി ഒരു ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ആരംഭം കുറിച്ചത് തുടർന്ന് വികാരിയായി 17.5.1999-ൽ ഇടയധർമ്മം ഏറ്റെ ടുത്ത ബഹു. ജോൺസൺ ജി. ആലപ്പാട്ടച്ചനാണ്.

## സെന്റ് ആന്റണീസ് കപ്പേള

കൂടപ്പുഴ ആനമല റോഡിന് അഭിമുഖമായി ശ്രീ. മേച്ചേരി വറീത് അന്തോണിയും, ശ്രീ. മേച്ചേരി കൊച്ചാപ്പു ജോസഫും കൂടി ദാനമായി പള്ളിക്ക് രണ്ടര സെന്റ് സ്ഥലം കപ്പേള പണിയുന്നതിനായി നല്കുക യുണ്ടായി. 13.12.2001-ൽ ചാലക്കുടി ഫൊറോന വികാരി വെ. റവ. ഫാ. തോമസ് പഞ്ഞിക്കാരൻ കപ്പേളയുടെ ശിലാസ്ഥാപനം നടത്തി. 16.8.2001-ൽ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ കപ്പേള ആശീർവദിച്ചു.

എല്ലാ വർഷവും മെയ് 1-ന് നടത്തിവരുന്ന ഇടവക മദ്ധ്യസ്ഥയായ നിത്യസഹായമാതാവിന്റെ തിരുനാൾ 2003 മുതൽ ഊട്ടുതിരുനാളായി നടത്തുന്നു.

2004 ജൂൺ 28-ന് ഇടവകവികാരിയായി വന്ന ലിജോ കോങ്കോത്ത് അച്ചൻ പുതിയൊരു ദേവാലയം എന്ന ഇടവകക്കാരുടെ സ്വപ്നസാക്ഷാത്ക്കാരത്തിന്റെ ദൂതനായിരുന്നു.

## നവീന ദേവാലയം

2006 ഡിസംബർ 13 മുതൽ 2007 ഡിസംബർ 13 വരെ നീണ്ട ജൂബിലി വർഷത്തിൽ ദേവാലയ നിർമ്മാണ ത്തിനായി പള്ളിയോട് ചേർന്ന സ്ഥലം വാങ്ങു കയും പുതിയ പള്ളി പണിക്കായി കുടുംബങ്ങൾക്ക് വീതപ്പിരിവ് ഏർപ്പെടു ത്തുകയും ചെയ്തു. 2007 ഒക്ടോബർ 28-ന് അഭിവന്ദ്യ രൂപതാദ്ധ്യ ക്ഷൻ പുതിയ പള്ളി നിർമ്മാണത്തിന്റെ ശില ആശീർവാദവും തറക്ക ല്ലിടലും നിർവ്വഹിച്ചു. 2008 ഡിസംബർ 11-ന് പഴയ പള്ളിയിൽ അവ സാനമായി ദിവ്യബലി അർപ്പിച്ചു.

പണി പൂർത്തീ കരിച്ച ഇപ്പോഴത്തെ പു തിയ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം 2008 ഏപ്രിൽ 29-ന് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിക്കുകയുണ്ടാ യി.



സെന്റ് ആന്റണീസ് കപ്പേള